# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3345 — 19.10.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണ വിഭാഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി. ബൽറാം<br>ശ്രീ. പി.ടി. തോമസ് : | **ശ്രീ.എ.കെ. ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ മന്ത്രി** |
| (എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ നിലവിൽ പ്രസിദ്ധീകരണ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങൾക്ക് നിലവിൽ പ്രസിദ്ധീകരണ വിഭാഗമുണ്ട്. കേരള സാഹിത്യ അക്കാദമി വിപണിയിൽ ലഭ്യമല്ലാത്ത പഠന ഗവേഷണ ഗ്രന്ഥങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ഗ്രന്ഥസൂചി, സാഹിത്യചരിത്രം, സാഹിത്യകാര ഡയറക്ടറി തുടങ്ങിയവയും കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിക്കുന്നുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണ വിഭാഗം തെരഞ്ഞെടുക്കുന്ന വൈജ്ഞാനിക കൃതികളും 'വിജ്ഞാനകൈരളി' എന്ന വൈജ്ഞാനിക മാസികയും ഇൻസ്റ്റിറ്റ്യൂട്ടിനോടനുബന്ധിച്ചുള്ള വിജ്ഞാന മുദ്രണം പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച് വരുന്നു. കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് സർവ്വവിജ്ഞാന കോശം 16 വാല്യങ്ങളും, വിശ്വ സാഹിത്യ വിജ്ഞാനകോശം മുഴുവൻ വാല്യങ്ങളും (10 വാല്യങ്ങൾ), പരിസ്ഥിതി വിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, ജ്യോതിശാസ്ത്ര വിജ്ഞാനകോശം, വാർഷിക വിജ്ഞാനകോശം 2011, സാംസ്കാരികം എന്നിവ പ്രസിദ്ധീകരിക്കുകയും, സർവ്വവിജ്ഞാനകോശം 1 മുതൽ 10 വരെ വാല്യങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ബാലസാഹിത്യ കൃതികൾക്കു പുറമെ കുട്ടികൾക്കായി 'തളിര്' എന്ന മാസികയും പ്രസിദ്ധീകരിക്കുന്നുണ്ട്. |
| (ബി) യുവ സാഹിത്യകാരുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (ബി) യുവ സാഹിത്യകാരന്മാരുടെ ഗവേഷണ പ്രാധാന്യമുള്ള സൃഷ്ടികൾ കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. പുതുതലമുറയിലെ എഴുത്തുകാരുടെ പ്രശ്നങ്ങൾ/ പ്രതികരണ ശൈലികൾ തിരിച്ചറിഞ്ഞ് സാഹിത്യത്തിലെ പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ ശ്രമം നടത്തും. |

| | |
|---|---|
| (സി) യുവ സാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) കേരള സാഹിത്യ അക്കാദമി യുവ സാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിന് കഥാ-കവിത–നാടകരചന ക്യാമ്പുകൾ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നടത്തി വരുന്നുണ്ട്. കൂടാതെ വിദ്യാരംഗം പോലുള്ള വിദ്യാഭ്യാസതല സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കാനും ശ്രമം നടക്കുന്നുണ്ട്. കൂടാതെ യുവസാഹിത്യകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, സാഹിത്യ ശില്പശാലകൾ, സാഹിത്യ മത്സരങ്ങൾ, കവിയരങ്ങുകൾ എന്നിവ സംഘടിപ്പിക്കുകയും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രമായ വിജ്ഞാനകൈരളിയിൽ പ്രസിദ്ധീകരണ യോഗ്യമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**